# ചരിത്രവും ജമാഅത്തിന്റെ ഭൂതകണ്ണാടിയും

അൻവർ അബൂബക്കർ

ദേശ ഭാഷാ വ്യത്യാസമില്ലാതെ ഏതൊരു സാധാരണക്കാരനും സ്വീകരിക്കാനുതകുന്ന രീതിയിലാണ് ഇസ്‌ലാമിലെ വിശ്വാസവും അനുബന്ധമായ ശാസനകളും. ലോകവസാനം വരെയുള്ള വിശ്വാസികൾക്ക് അത് തനതായ രൂപത്തിൽ ലഭ്യമാകുവാൻ വേണ്ട നടപടികൾ (സംരക്ഷണം) അല്ലാഹു തന്നെ ഒരുക്കിയിട്ടുണ്ട് എന്നത് അതിന്റെ സവിശേഷതയാണ്. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ ദീൻ വരച്ചുകാണിക്കുന്ന ചരിത്രം അപഗ്രഥിക്കുമ്പോൾ അതിനോട് നൂറ് ശതമാനം കൂറ് കാണിക്കാൻ അതിന്റെ അനുയായികൾക്ക് വിഷമകരമല്ല. കാരണം നബി(ﷺ)യും സ്വഹാബികളും അവരിൽ നിന്നു കേട്ടുപഠിച്ച സച്ചരിതരും പൂർവ്വസൂരികളുമായ പണ്ഡിതശ്രേഷ്ഠരുടെ അഭിപ്രായങ്ങൾ ഇന്ന് അകൃത്രിമമായ രൂപത്തിൽ ലഭ്യമാണ്. അവയായിരിക്കണം ദീൻ പഠിക്കാൻ നമ്മുടെ ബുദ്ധി മുഖ്യമായും ആശ്രയിക്കേണ്ടത്. അതല്ലാതെ ബുദ്ധിയിൽ ഉദിച്ചുയരുന്ന ആശയങ്ങളെ ശരിവെക്കുന്നതിനുവേണ്ടി നിഘണ്ടുകൾ മുമ്പിൽ വെച്ചുകൊണ്ടുള്ള പരിശോധനയല്ല ആരുടെയും പഠനത്തിനുള്ള ആധാരം. അപ്രകാരം ബുദ്ധിയെ ആശ്രയിക്കുകയും സലഫുകളുടെ പാത വെടിയുകയും ചെയ്തുകൊണ്ട് തലച്ചോറിൽ രൂപപ്പെടുന്ന വിചാരങ്ങൾ സൈദ്ധാന്തവത്കരിക്കാൻ ശ്രമിച്ചാൽ, അതിനായി ചരിത്രത്തിലൂടെ തെളിവ് പരതിയാൽ തങ്ങളുടെ ആശയങ്ങൾ സ്ഥാപിക്കാൻ വേണ്ടത്ര തെളിവ് കിട്ടാതെ വരികയും അതിൽപ്പിന്നെ ദീനിന്റെ പേരിൽ വലിയ മൂഢത്വം തന്നെ വിളിച്ചുപറയേണ്ടുന്ന ഗതികേടിൽ എത്തിച്ചേരുകയും ചെയ്യും. ദാ ഇതുപോലെ:

“മൗലാനാ മൗദൂദി അവിടെയിരിക്കട്ടെ, അദ്ദേഹത്തിനെന്ന പോലെ അല്ലാഹു നമുക്കും നൽകിയ ബുദ്ധിയുപയോഗിച്ചു സൂറഃ യൂസുഫ് ഒന്ന് പഠിച്ചുനോക്കാമല്ലോ. പൂർവ്വിക വ്യാഖ്യാതാക്കളിൽ ആരും തന്നെ ഞങ്ങളേക്കാൾ അറിവുള്ളവർ ഇനി ഈ ഭൂമിയിൽ ജനിക്കുകയില്ല എന്ന് എവിടെയും എഴുതിവെച്ചിട്ടില്ലല്ലോ?!”[1]

പൂർവ്വകാല പണ്ഡിതൻമാരേക്കാളും തങ്ങളുടെ മൗലാനക്ക് അധീശത്വം കൽപിക്കാൻ വേണ്ടി എഴുതിപ്പിടിപ്പിച്ച വരികളാണ് മുകളിലേത്. ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്ന് പിഴയ്ക്കും ശിഷ്യന് എന്ന പഴമൊഴിയനുസരിച്ച് ഇതിലും വലിയത് അവരിൽനിന്ന് പ്രതീക്ഷിക്കാം. സലഫുകളെ ഇകഴ്ത്തുന്ന ഇതുപോലെയുള്ള ശിഷ്യൻമാർ മൗലാനയുടെ പുറകെ വരുന്നതിൽ അത്ഭുതപ്പെടേണ്ടതുമില്ല. അതെന്താണെന്നോ, ക്വുർആനിന്റെ അവതരണവേളയിൽ സുഗ്രാഹ്യമായിരുന്ന ചില സാങ്കേതിക ശബ്ദങ്ങൾ പൂർവികരായ പണ്ഡിതൻമാരിൽനിന്നും ക്രമേണ ക്രമേണ നഷ്ടപ്പെട്ടുപോയി എന്ന വങ്കത്തവും പിന്നീട് അതെല്ലാം തനിക്കാണ് മനസ്സിലായത്

[1] ബോധനം ദ്വൈമാസിക, മെയ്-ജൂൺ 2010, പേജ് 57

എന്ന ധ്വനിയും[2] മെനഞ്ഞത് ഇവരുടെ ഉസ്താദ് മൗദൂദിയാണ്. അതുകൂടാതെ അദ്ദേഹം നടത്തിയ മറ്റൊരു പ്രസ്താവന ശ്രദ്ധിക്കൂ:

"നമ്മുടെ നിത്യസംസാരങ്ങളിൽ നടപ്പായിക്കഴിഞ്ഞിട്ടുള്ള ചില വാക്കുകളും പദങ്ങളുമുണ്ട്; എല്ലാവരും ഉപയോഗിക്കാറുണ്ടെങ്കിലും അവയുടെ സാക്ഷാലുദ്ദേശ്യം ഗ്രഹിക്കുന്നവർ നന്നെ കുറവായിരിക്കും. ധാരാളമായി ഉപയോഗിച്ചതുകാരണം ഒരു പൊതുവിഭാവനം മാത്രം ജനങ്ങളുടെ ഹൃദയങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടായിരിക്കും. ഉച്ചരിക്കുന്നവർ അതേ വിഭാവനത്തിൽ അവ ഉച്ചരിക്കുകയും കേൾക്കുന്നവർ അതേ അർത്ഥത്തിൽ ഗ്രഹിക്കുകയും ചെയ്യും. എന്നാൽ, <u>പ്രസ്തുത വാക്കുകൾ വാസ്തവത്തിൽ നിശ്ചയിക്കപ്പെട്ടിരുന്ന സാക്ഷാൽ ആശയങ്ങളെ സംബന്ധിച്ചു പാമരന്മാരെന്നല്ല, വലിയ വലിയ പണ്ഡിതൻമാർപോലും അജ്ഞരായിരിക്കും.</u> ഉദാഹരണമായി, 'ഇസ്‌ലാമി'നേയും 'മുസ്‌ലി'മിനേയുമെടുക്കാം. ഈ പദങ്ങൾ ധാരാളമായി നാം ഉപയോഗിക്കുന്നുണ്ട്. പക്ഷെ, അവയുടെ വിവക്ഷ ശരിക്കും ഗ്രഹിച്ചുകൊണ്ടിരിക്കുന്നവർ നമ്മിൽ എത്ര പേരുണ്ട്? വാസ്തവത്തിൽ അവ നിശ്ചയിക്കപ്പെട്ട അതേ അർത്ഥത്തിൽ ഗ്രഹിക്കുന്നവർ കേൾക്കുന്നവരിലെത്രയുണ്ട്? അമുസ്‌ലിംകൾ പോകട്ടെ, മുസ്‌ലിംകളിൽതന്നെ 99 ശതമാനത്തിന്റെയും അവസ്ഥ യെന്താണ്? തങ്ങൾ 'മുസ്‌ലിം'കളെന്നും തങ്ങളുടെ മതം 'ഇസ്‌ലാ'മെന്നും വാദിക്കുന്നു ണ്ടെങ്കിലും 'മുസ്‌ലിമാ'കുന്നതിന്റെ അർത്ഥമെന്തെന്നോ 'ഇസ്‌ലാ'മെന്ന പദത്തിന്റെ സാക്ഷാൽ വിവക്ഷയെന്തെന്നോ അവർക്കറിഞ്ഞുകൂടാ!"[3]

എന്തൊരു അഹങ്കൃതി! സാധാരണക്കാർക്കും വലിയ വലിയ പണ്ഡിതൻമാർക്കുമൊന്നും തിരിയാത്ത അർത്ഥം ആകെ തിരിഞ്ഞത് ജമാഅത്ത് സ്ഥാപകന് മാത്രം. വാസ്തവത്തിൽ മൗദൂദിയുടെ കിതാബുകളും ശിയാക്കളുടെ മൻഹജും മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ജമാഅത്തുകാർക്ക് അറിവ് സ്വീകരിക്കാൻ താഴെനിന്ന് മേലോട്ടാണ് നോക്കേണ്ടതെന്ന സാമാന്യബോധം നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ചരിത്രപഠനത്തിൽ ഇവർ അവലംബമാക്കിയ സ്രോതസ്സുകൾ എങ്ങനെയാണ് നമുക്ക് വിശ്വസിക്കാനാവുക? അതുമാത്രമല്ല, ജമാഅത്തുകാർ പേനയുന്തുമ്പോൾ അതിനൊരു ലക്ഷ്യമുണ്ടാകും; അതാകട്ടെ അക്വീദയില്ലാത്ത ഒരിസ്‌ലാമിക ഭരണവും. അല്ലാഹു അവന്റെ മതത്തിൽ നിർബന്ധമാക്കിയിട്ടില്ലാത്ത ഇക്കാര്യം അടിച്ചേൽപിക്കാൻ വളരെ ദാരുണമായ നിലക്കാണ് ജമാഅത്തെ ഇസ്‌ലാമി ചരിത്രത്തെ ദുർവ്യാഖ്യാനിച്ചത്. ഭരണം ലക്ഷ്യമാക്കിയുള്ള ചരിത്രവായനയിൽ ഇവരുടെ ഭൂതകണ്ണാടി ദർശിച്ചതും അതുവഴി ഇവർ ചവിട്ടിമതിക്കാൻ ശ്രമിച്ചതും അല്ലാഹു തൃപ്തിപ്പെട്ട അവന്റെ പ്രവാചകൻമാരെയും അല്ലാഹു പുകഴ്ത്തിപ്പറഞ്ഞ ആ പ്രവാചകൻമാരുടെ അനുയായികളെയുമാണ്. ലോകത്തു വന്ന മുഴുവൻ പ്രവാചകരുടെയും പരമമായ ലക്ഷ്യം ദൈവികഭരണം സ്ഥാപിക്കുകയായിരുന്നത്രെ. ലോകചരിത്രത്തിൽ കഴിഞ്ഞു പോയ എല്ലാ പ്രവാചകന്മാരും രാഷ്ട്രീയവിപ്ലവം നയിക്കുവാനാണത്രെ പരിശ്രമിച്ചത്. എന്തിനേറെ, അനിസ്‌ലാമിക ഭരണത്തിന് വിധേയമായി ജീവിക്കുന്നതിനെ പച്ചയായ ശിർക്കായി പരിചയപ്പെടുത്തുകവഴി ഇസ്‌ലാമിന്റെ പ്രതിച്ഛായക്കുതന്നെ കളങ്കം വരുത്താൻ ഇവർ മടി കാണിച്ചില്ല.

അനിസ്‌ലാമിക ഭരണകൂടത്തോടുള്ള അനുസരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ വികലവാദങ്ങളെ അതിന്റെ തുടക്കം മുതലേ

---

[2] അബുൽ അഅ്ലാ മൗദൂദി, ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ, പേജ് 14

[3] അബുൽ അഅ്ലാ മൗദൂദി, മുസ്‌ലിമിന്റെ സാക്ഷാൽ വിവക്ഷ, പേജ് 1,2

പക്വമതികളായ പണ്ഡിതൻമാർ പ്രമാണമുദ്ധരിച്ച് എതിർത്തിട്ടുണ്ട്. അതിലൊന്നാണ് അമുസ്ലിം ഭരണാധികാരിയായ നജ്ജാശിയുടെ അടുത്തേക്ക് സ്വന്തം അനുചരൻമാരെ പറഞ്ഞയച്ച പ്രവാചകന്റെ നടപടി, അതാകട്ടെ ജമാഅത്തിന് വലിയ തലവേദനയുണ്ടാക്കയിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് ഇവ്വിഷയകമായി ജമാഅത്തിന് ഇപ്രകാരം എഴുതേണ്ടി വന്നത്:

"നബി തിരുമേനി(സ) സ്വന്തം അനുയായികളെ നജ്ജാശിയുടെ നാട്ടിലേക്കയക്കുമ്പോൾ ഇസ്ലാമിക വ്യവസ്ഥ (ശരീഅത്ത്) യുടെ മിക്ക വശങ്ങളും അവതീർണമായിരുന്നില്ല. അതിനാൽ തങ്ങൾക്ക് ലഭ്യമായ ഇസ്ലാമിക നിയമം പൂർണമായും പാലിച്ചു ജീവിക്കാൻ നജ്ജാശിയുടെ നാട്ടിൽ അവർക്ക് ഒട്ടും തടസ്സമുണ്ടായില്ല. അവയ്ക്ക് വിരുദ്ധമായ നിയമങ്ങൾ അനുസരിക്കാനോ നടപ്പാക്കാനോ അവരെ ആരും നിർബന്ധിച്ചിരുന്നില്ല. ഇസ്ലാമിക വ്യവസ്ഥ പൂർണമായും പാലിച്ചു ജീവിക്കാൻ അവർക്ക് എല്ലാവിധ സ്വാതന്ത്ര്യവും നൽകപ്പെട്ടിരുന്നുവെന്നർത്ഥം. അതിനാൽ നബി(സ)യുടെ അനുചരൻമാർ അനിസ്ലാമിക വ്യവസ്ഥക്കും ഭരണകൂടത്തിനും വിധേയമായി ജീവിച്ചുവെന്ന വാദം ശരിയല്ല. മക്കയിൽ ജീവിക്കാൻ സാധ്യമാവാതെ വന്നപ്പോൾ അത് സാധ്യമാവുന്ന എത്യോപയിലേക്ക് നബി(സ) അവരെ അയക്കാൻ കാരണം അനിസ്ലാമിക നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അവർ വിധേയരാവേണ്ടി വരില്ലെന്നതത്രെ."[4]

നോക്കൂ, എന്തുമാത്രമാണ് വിശ്വാസികളെ ഇവർ കബളിപ്പിക്കുന്നത്. വാസ്തവത്തിൽ വിശ്വാസപരമായി തികച്ചും പക്വത വന്ന ഒരു കൂട്ടം വിശ്വാസികളെ തന്നെയാണ് അല്ലാഹുവിന്റെ റസൂൽ(ﷺ) നജ്ജാശിയുടെ രാജ്യത്തേക്ക് പലായനം ചെയ്യിച്ചത്. തൗഹീദും ശിർക്കും റസൂൽ(ﷺ) മാത്രം ലോകത്ത് പ്രബോധനം ചെയ്ത കാര്യങ്ങളല്ലെന്നും എല്ലാ പ്രവാചകൻമാരും പ്രഥമവും പ്രധാനവുമായി ജനങ്ങളെ പഠിപ്പിച്ചത് ഈ വിഷയങ്ങളായിരുന്നു എന്നും അവർക്ക് ബോധമുണ്ടായിരുന്നു. അല്ലാഹു പറഞ്ഞില്ലേ:

وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകി കൊണ്ടല്ലാതെ നിനക്ക് മുമ്പ് നാം ഒരു ദൂതനെയും അയച്ചിട്ടില്ല."[5]

വിവിധ പ്രവാചകൻമാരുടെ ശരിഅത്തുകൾ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള കാലാനുസൃതമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിൽ അവ തികച്ചും വിശ്യാസപരമല്ലാത്ത കാര്യങ്ങളിലായിരുന്നു എന്നത് നടെ സൂചിപ്പിച്ച ആയത്തിൽ നിന്നും സ്പഷ്ടമാണ്. വിശ്യാസ കാര്യങ്ങളിൽ (തൗഹീദ്, ശിർക്ക്, പരലോകം തുടങ്ങിയവ) ഒരേ ആശയം തന്നെയായിരുന്നു എല്ലാ പ്രവാചകൻമാരും മനുഷ്യരാശിയെ പഠിപ്പിച്ചത്. അതിനു വിരുദ്ധമായി യാതൊന്നും പൂർവ്വ പ്രവാചകൻമാരുടെ ചരിത്രത്തിൽ നിന്നും കാണാൻ കഴിയുകയില്ല. റസൂൽ(ﷺ)യുടെ ശരീഅത്തിൽ തന്നെ ആദ്യകാലങ്ങളിൽ അനുവദിക്കപ്പെടുകയും, പിന്നീട് ഇസ്ലാം പൂർണമായപ്പോൾ അക്കാര്യം ശിർക്കായതിനാൽ നിരോധിക്കുകയും ചെയ്തു എന്ന് പറയപ്പെടാവുന്ന ഒരു സംഗതി കാണാൻ സാധ്യമല്ല എന്നർത്ഥം. എന്നാൽ

[4] ശൈഖ് മുഹമ്മദ് കാരക്കുന്ന്, മുഖാമുഖം, പേജ് 61

[5] ക്വുർആൻ 21:25

ജമാഅത്തിന്റെ ഇബാദത്തിനുള്ള സാങ്കേതികാർത്ഥം പരിഗണിച്ചാൽ ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രാരംഭഘട്ടത്തിൽ റസൂൽ(ﷺ) അനിസ്‌ലാമിക ഭരണഘടൂടത്തെ നിരുപാധികം അനുസരിക്കുക എന്ന 'ശിർക്ക്' അനുവദിക്കുകയും പിന്നീട് ഇസ്‌ലാം പൂർണമായപ്പോൾ അത് നിരോധിക്കുകയും ചെയ്തു എന്ന് നജ്ജാശിയുടെ നാട്ടിലേക്കുള്ള ഹിജ്റയുമായി ബന്ധപ്പെട്ട് പറയേണ്ടിവരും. ജമാഅത്തെ ഇസ്‌ലാമി ഇത്തരത്തിലുള്ള അഭിപ്രായങ്ങൾ നടത്തുമ്പോൾ അതിന് പിൻബലമേകുന്ന തെളിവുകൾ നൽകാനുള്ള വിശ്വാസ ദാർഢ്യമെങ്കിലും അവർ കാണിക്കേണ്ടതല്ലെ? ഇത്ര ലാഘവത്തോടു കൂടി ഇതുപോലെയുള്ള ഗൗരവതരമായ വിഷയങ്ങൾക്ക് മറുപടി പറയുന്നത് എങ്ങനെയാണ്. ശിർക്കിന്റെ കാര്യത്തിൽ എത്ര ശക്തമായ നിലക്കാണ് അല്ലാഹു താക്കീത് നൽകിയത്:

إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ وَمَن يُشۡرِكۡ بِٱللَّهِ فَقَدِ ٱفۡتَرَىٰٓ إِثۡمًا عَظِيمًا

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്"[6]

ഇത്രയും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് അല്ലാഹുവിന്റെ പേരിൽ കളവു പറഞ്ഞുകൊണ്ട് സാധാരണക്കാരായ ജനങ്ങളുടെ മേൽ ഇവർ കണ്ണടച്ചാക്ഷേപിക്കുന്നത്.

അനിസ്‌ലാമിക ഭരണകൂടവുമായി ബന്ധപ്പെട്ട ചർച്ച വരുമ്പോഴെല്ലാം പൊതുവിൽ എടുത്തുപറയാറുള്ള ചരിത്രമാണ് യൂസുഫ് നബി(عليه السلام)യുടേത്. അദ്ദേഹം ഒരമുസ്‌ലിം രാജാവിന്റെ ഭരണത്തിനു കീഴിൽ ഔദ്യോഗിക സ്ഥാനം വഹിച്ച വ്യക്തിയാണ്. പക്ഷെ അത് അംഗീകരിക്കാൻ ജമാഅത്തെ ഇസ്‌ലാമി തയ്യാറല്ല. കാരണം, ഭരണം അട്ടിമറിക്കാൻ ഇവർ മുഖ്യ ആയുധമായി പരിചയപ്പെടുത്തുന്ന ഹാകിമിയ്യാ സിദ്ധാന്തത്തിന് തിരിച്ചടിയാണ് പ്രസ്തുത ചരിത്രം. എന്നാൽ ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, പൂർവിക പണ്ഡിതൻമാരെല്ലാം യൂസുഫ് നബി(عليه السلام)യെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ അമുസ്‌ലിം രാജാവിന്റെ കീഴിലുള്ള ഉദ്യോഗം അംഗീകരിക്കുന്നു എന്നുള്ളതാണ്. അനിസ്‌ലാമിക ഭരണകൂടത്തിലെ ഇസ്‌ലാമിക വിരുദ്ധമല്ലാത്ത നിയമം അംഗീകരിക്കുന്നതും അതിന്റെ കീഴിൽ ജോലി ചെയ്യുന്നതും ശിർക്കായിരുന്നുവെങ്കിൽ അക്കാര്യം പൂരവ്വസൂരികൾ രേഖപ്പെടുത്തുകയും അത്തരം ചരിത്രത്തെ വ്യാജമായി മുദ്രകുത്തുകയും ചെയ്യുമായിരുന്നു. കാരണം, പരിശുദ്ധ ക്വുർആനിന്റെ മുഖ്യമായ സന്ദേശങ്ങളിൽ ഒന്ന് തൗഹീദിന്റെ പ്രബോധനവും ശിർക്കിനെതിരിലുള്ള താക്കീതുമാണ്. അതുകൊണ്ടുതന്നെ അക്വീദാപരമായ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതർക്കെല്ലാം തെറ്റുപറ്റി എന്നു കരുതുന്നതിൽ ന്യായം കാണുന്നില്ല. മാത്രമല്ല, ക്വുർആനിലും ഹദീഥിലും ഇവരുടെ വാദങ്ങൾക്കെതിരിലുള്ള അനേകം തെളിവുകളുമുണ്ട്. അപ്പോൾ പിന്നെ പറയപ്പെട്ട ചരിത്രം ജമാഅത്തെ ഇസ്‌ലാമി എങ്ങിനെ രേഖീകരിക്കും. അതിനും ഇവർ വഴി കണ്ടെത്തി; കൈക്രിയകൾ നടത്തുക തന്നെ; ദാ ഇതുപോലെ:

[6] ക്വുർആൻ 4:48

യൂസുഫ് നബി(ﷺ) പ്രാർത്ഥിച്ചതായി അല്ലാഹു പറഞ്ഞു:

رَبِّ قَدۡ ءَاتَيۡتَنِي مِنَ ٱلۡمُلۡكِ وَعَلَّمۡتَنِي مِن تَأۡوِيلِ ٱلۡأَحَادِيثِ

"എന്റെ രക്ഷിതാവേ, നീ എനിക്ക് ഭരണാധികാരത്തിൽനിന്ന് നൽകുകയും, സ്വപ്നവാർത്തകളുടെ വ്യാഖ്യാനത്തിൽ നിന്നും നീ എനിക്ക് പഠിപ്പിച്ചു തരികയും ചെയ്തിരിക്കുന്നു."[7]

മുകളിൽ ഉദ്ധരിച്ച ആയത്തിൽ مِنَ الملك എന്നത് രാജാധികാരത്തിൽ നിന്ന് അഥവാ ഭരണാധികാരത്തിൽ നിന്ന് എന്ന് വ്യക്തമാണ്. എന്നാൽ അതിന്റെ അർത്ഥം യഥാവിധി കൊടുത്താൽ മൗദൂദിസ്റ്റുകളുടെ ലക്ഷ്യം നടക്കില്ല എന്നു തിരിച്ചറിഞ്ഞ അവർ അതിലെ 'مِنَ'യുടെ അർത്ഥം മറച്ചുവെച്ചുകൊണ്ട് പരിഭാഷകളിലെല്ലാം "നാഥാ, എനിക്കു നീ ആധിപത്യം നൽകി" എന്നർത്ഥം കൊടുത്തു. ഇവർ മറച്ചുവെച്ച ആ പദത്തിന്റെ പ്രാധാന്യം ബോധ്യപ്പെടാൻ പ്രസ്തുത ഭാഗം പരാമർശിച്ചുകൊണ്ടുള്ള ഇമാം ഖുർത്തുബി(رحمه الله)യുടെ വാക്കുകൾ വായിച്ചാൽ മതി. അതിങ്ങനെയാണ്:

"ومن" من قوله: "من الملك" للتبعيض

"من الملك എന്നതിലെ من അധികാരത്തിൽ നിന്ന് അൽപം (تبعيض) നൽകി എന്നതിനെ അറിയിക്കുന്നതാണ്."[8]

ഇവിടെ മിസ്റിലെ രാജാധികാരം പൂർണമായി യൂസുഫ് നബി(ﷺ)ക്ക് ഉണ്ടായിരുന്നില്ല എന്നും അല്ലാഹു മിസ്റിലെ രാജാധികാരത്തിൽ നിന്ന് യൂസുഫ് നബി(ﷺ)ക്ക് കുറച്ച് നൽകി എന്നതും വ്യക്തമാണ്. പക്ഷെ, ജമാഅത്തെ ഇസ്‌ലാമി ഇത് മുജാഹിദുകളുടെ മാത്രം വാദമാണെന്നു പറഞ്ഞ് സാധാരണക്കാരെ തെറ്റുധരിപ്പിക്കുകയാണ് ചെയ്യാറ്. അതിനുവേണ്ടി താഴെയുള്ള സൂക്തം ധാരാളം ഇവർ ദുരുപയോഗം ചെയ്തിട്ടുണ്ട്:

وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي ٱلۡأَرۡضِ يَتَبَوَّأُ مِنۡهَا حَيۡثُ يَشَآءُ

"ഭൂമിയിൽ താനിഛിക്കുന്നേടത്ത് താമസിക്കാൻ നാം അദ്ദേഹത്തിന് സൗകര്യം നൽകി"[9]

വാസ്തവത്തിൽ ഈ ആയത്തിനോട് ചേർന്ന് വരുന്ന വചനങ്ങളും വായിച്ചാലേ അതിൽനിന്നും നമുക്ക് ഉൾകൊള്ളേണ്ട പാഠം മനസിലാക്കാൻ സാധിക്കൂ. അതിപ്രകാരണമാണ്:

وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي ٱلۡأَرۡضِ يَتَبَوَّأُ مِنۡهَا حَيۡثُ يَشَآءُۚ نُصِيبُ بِرَحۡمَتِنَا مَن نَّشَآءُۖ وَلَا نُضِيعُ أَجۡرَ ٱلۡمُحۡسِنِينَ

[7] ക്വുർആൻ 12:101
[8] ഖുർത്വുബിയുടെ തഫ്സീർ
[9] ക്വുർആൻ 12:56

“അപ്രകാരം യൂസുഫിന് ആ ഭൂപ്രദേശത്ത്, അദ്ദേഹം ഉദ്ദേശിക്കുന്നിടത്ത് താമസമുറപ്പിക്കാവുന്ന വിധം നാം സ്വാധീനം നൽകി. നമ്മുടെ കാരുണ്യം നാം ഉദ്ദേശിക്കുന്നവർക്ക് നാം അനുഭവിപ്പിക്കുന്നു.”[10]

യൂസുഫ് നബി(ﷺ)ക്ക് അല്ലാഹു നൽകിയ ഭരണത്തിലൂടെയുള്ള സ്വാധീനം അവന്റെ കാരുണ്യമായിട്ട് ലഭിച്ചതാണെന്ന് അല്ലാഹു എടുത്തു പറയുന്നു എന്നത് ശ്രദ്ധേയമാണ്. ഇവിടെ മനസിലാക്കേണ്ട സുപ്രധാനമായ കാര്യം, ഭരണം (സ്വാധീനം) എന്നത് അല്ലാഹു നമുക്ക് നൽകുന്ന ഭൗതികമായ അനുഗ്രഹമാണ്. അതിനുവേണ്ടി നാം പ്രവർത്തിക്കേണ്ടതുണ്ടോ ഇല്ലേ എന്നത് നമ്മൾ ക്വുർആനിൽനിന്നും തിരുസുന്നത്തിൽ നിന്നുമാണ് മനസിലാക്കേണ്ടത്. ചിലപ്പോൾ സത്യവിശ്വാസികൾക്ക് നൽകാതെ ഈ കാരുണ്യം സത്യനിഷേധികൾക്ക് അല്ലാഹു നൽകും, സമ്പത്ത് പോലെ അല്ലാഹു നൽകുന്ന ഭൗതികമായ ഒരനുഗ്രഹം. അല്ലാഹുവിന്റെ നബിമാർ ഈ ഭൂമിയിൽ ഒരു നേരത്തെ ഭക്ഷണത്തിന് പോലും വകയില്ലാതെ പട്ടിണികിടന്നപ്പോൾ അല്ലാഹുവിന്റെ ശത്രുക്കൾക്ക് സ്വർണ്ണകട്ടിലിൽ കിടക്കുവാനും സുഭിക്ഷമായി ഭക്ഷിക്കുവാനും അവൻ അനുഗ്രഹം നൽകിയിട്ടുണ്ട് എന്നത് തിരിച്ചറിഞ്ഞവരാണ് നമ്മൾ. അതുപോലെ അല്ലാഹുവിന്റെ പ്രവാചകർക്ക് ഭൂമിയിൽ ഒരു സെന്റ് ഭൂമിയുടെ മേൽ പോലും അധികാരം ഇല്ലാതെ ജീവിച്ച സന്ദർഭത്തിൽ ഭൂമിയിലെ അധികാരവും ആധിപത്യവും അവന്റെ ശത്രുക്കൾക്ക് അവൻ നൽകിയത് ഏതൊരു മുസ്‌ലിമിനും അറിയുന്ന യാഥാർത്ഥ്യമാണ്. നംറൂദിന്റെ അഹങ്കാരത്തെ കുറിച്ച് അല്ലാഹു പറഞ്ഞല്ലോ:

أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِـۧمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ

“ഇബ്രാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്).”[11]

രാജാധിപത്യം നൽകുന്നതുമായി ബന്ധപ്പെടുത്തി എല്ലാവരെയും ഉൾകൊള്ളിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു:

قُلِ ٱللَّهُمَّ مَـٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ

‘നീ പറയുക, രാജത്വത്തിന്റെ അധിപനായ അല്ലാഹുവേ, നീ ഉദ്ദേശിച്ചവർക്ക് രാജത്വം നീ നൽകുകയും നീ ഉദ്ദേശിച്ചവരിൽ നിന്ന് രാജത്വം എടുത്തു കളയുകയും ചെയ്യുന്നു”[12]

ഇവിടെ രാജ്യത്തിന്റെ ആധിപത്യം അല്ലാഹു നൽകുന്ന കാരുണ്യമായിട്ട് നമുക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. ഈ ആയത്തിന്റെ പരിധിയിൽ നിന്ന് സുലൈമാൻ നബി(ﷺ)യും ദാവൂദ് നബി(ﷺ)യും നംറൂദും ഫിർഔനും സത്യവിശ്വാസിയും സത്യനിഷേധിയും ആരും തന്നെ പുറത്ത് പോകുന്നില്ല. സമ്പത്ത് പോലെ തന്നെ ഭരണാധികാരവും ജാതിമത വ്യത്യാസമില്ലാതെ അല്ലാഹു അവന്റെ ദാസൻമാർക്ക് നൽകുന്ന അനുഗ്രഹമാണ് എന്ന് സുവ്യക്തം. അപ്പോൾ നംറൂദിനും ഫിർഔനിനും ഭരണം നൽകിയത് അല്ലാഹു തന്നെയായിരുന്നു എന്ന് ക്വുർആൻ പഠിപ്പിക്കുമ്പോൾ,

[10] ക്വുർആൻ 12:56
[11] ക്വുർആൻ 2:258
[12] ക്വുർആൻ 3:26

പിന്നീട് അതേ അല്ലാഹു തന്നെ അവന്റെ പ്രവാചകൻ മുഖേന ആ ഭരണം പിടിച്ചടക്കാൻ സമരം ചെയ്യാൻ വിശ്വാസികളോട് കൽപിക്കുന്നു എന്ന് പറയുന്നത് അല്ലാഹുവിന്റെ പേരിൽ കെട്ടിവെച്ച ഒന്നാം നമ്പർ നുണ തന്നെ അല്ലേ?. ഇതാണ് ജമാഅത്തെ ഇസ് ലാമിയുടെ ചരിത്ര വ്യാഖ്യാനത്തിന്റെ കോലം! ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രപരമായ ദുർവ്യാഖ്യാനങ്ങളുടെ ലക്ഷ്യവും ആഴവും അപകടവും തിരിച്ചറിയാൻ താഴെയുള്ള ഉദ്ധരണി തീർച്ചയായും സഹായകമാകാതിരിക്കില്ല:

''ഫിർഔൻ പോലൊരു കൊടിയ ഏകാധിപതിക്കെതിരെ പോലും മൂസാനബിയെയും ആസ്യാബീവിയെയും പോലെ ജിഹാദ് ചെയ്യണമെന്നാണ് ഈമാനും ഖുർആനും ആവശ്യപ്പെടുന്നതെങ്കിൽ, ഗവൺമെൻറിനെ വരെ മാറ്റുന്നതിന് നിയമാനുസൃതമായി തന്നെ പ്രവർത്തിക്കാൻ സ്വാതന്ത്ര്യവും സൗകര്യവുമുള്ള നമ്മുടേതുപോലുള്ള ഒരനിസ്‌ലാമിക വ്യവസ്ഥിതിക്കെതിരിൽ സമരം നടത്താതിരിക്കുകയും ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സ്ഥാപനത്തിനായി പരിശ്രമിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ.?''[13]

നോക്കൂ, എവിടേക്കാണ് ജമാഅത്തെ ഇസ്‌ലാമി അതിന്റെ അനുയായികളെ ക്ഷണിക്കുന്നതും അവരുടെ മനസ്സ് പാകപ്പെടുത്തുന്നതും. സത്യവിശ്വാസിനികൾക്ക് മാതൃകയാണെന്ന് അല്ലാഹു പറഞ്ഞ ഒരു വനിതയെപ്പോലും ഇവർ വെറുതെ വിടുന്നില്ല. യഥാർത്ഥത്തിൽ അമുസ്‌ലിം ഭരണത്തിനുകീഴിൽ അനുസരണത്തോടും അച്ചടക്കത്തോടും മാതൃകാപരമായ ഇസ്‌ലാമിക ജീവിതം നയിക്കാമെന്നതിന് ഫിർഔന്റെ ഭാര്യയായ ആസിയാ(ﷺ) തന്നെ മതിയായ തെളിവാണ്. പക്ഷെ ജമാഅത്തിന് അത് ദഹിക്കുന്ന ഒന്നല്ല, അതുകൊണ്ടാണ് ഇവർ ഇപ്രകാരമെഴുതിയത്:

“അതിനാൽ ഫറോവാ പത്നിയുടെ പ്രവൃത്തി, ത്വാഗൂത്തിന്റെ കീഴിൽ അച്ചടക്കത്തോടെ, അനുസരണത്തോടെ, സന്തോഷത്തോടെ അടങ്ങിയൊതുങ്ങിക്കഴിയണമെന്നതിനല്ല; മറിച്ച് അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കണമെന്നതിനുള്ള വ്യക്തവും അനിഷേധ്യവുമായ തെളിവാണ്. ”[14]

ആസിയാ(ﷺ) ബീവി ഫിർഔനിനെതിരെ നടത്തിയ പ്രാർത്ഥനയുമായി ബന്ധപ്പെട്ടു കൊണ്ടുള്ളതാണ് ജമാഅത്തുകാരന്റെ മേൽപ്രസ്താവന. ഇക്കാര്യം ക്വുർആൻ വ്യക്തമാക്കുന്നത് ഇങ്ങിനെയാണ്:

وَضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ ءَامَنُواْ ٱمْرَأَتَ فِرْعَوْنَ إِذْ قَالَتْ رَبِّ ٱبْنِ لِى عِندَكَ بَيْتًا فِى ٱلْجَنَّةِ وَنَجِّنِى مِن فِرْعَوْنَ وَعَمَلِهِۦ وَنَجِّنِى مِنَ ٱلْقَوْمِ ٱلظَّٰلِمِينَ

“നാഥാ, നിന്റെയടുക്കൽ സ്വർഗത്തിൽ എനിക്കൊരു ഗേഹം നൽകേണമേ, ഫിർഔനിൽനിന്നും അയാളുടെ പ്രവർത്തനങ്ങളിൽനിന്നും എന്നെ മോചിപ്പിക്കേണമേ, ധിക്കാരികളായ ജനത്തിൽനിന്ന് എന്നെ രക്ഷിക്കേണമേ എന്ന് ഫറോവാ പത്നി പ്രാർത്ഥിച്ചപ്പോൾ അല്ലാഹു അവരെ സത്യവിശ്വാസികൾക്ക് മാതൃകയായി എടുത്തുകാണിച്ചിരിക്കുന്നു.”[15]

---

[13] പ്രബോധനം 12–8–1987

[14] ശൈഖ് മുഹമ്മദ് കാരക്കുന്ന്, മുഖാമുഖം, പേജ് 59

[15] ക്വുർആൻ 66:11

ഫിർഔനിന്റെ ഭാര്യ ആസിയാ(ﷺ) മൂസാ നബി(ﷺ)യുടെ സന്ദേശത്തിൽ അടിയുറച്ചു വിശ്വസിച്ച ഒരു മഹതിയായിരുന്നു. അവർ സത്യവിശ്വാസം സ്വീകരിച്ച വിവരം മനസ്സിലാക്കിയ ഫിർഔൻ അവരെ ക്രൂരമായി പീഢനങ്ങളേൽപിച്ചു. ആ സന്ദർഭത്തിൽ ആസിയാ ബീവി (ﷺ) പ്രാർത്ഥിച്ച വരിയാണ് മുകളിലെ സൂക്തം അറിയിച്ചുതരുന്നത്. വാസ്തവത്തിൽ, അങ്ങനെ ഒരു പ്രാർത്ഥനക്കുള്ള കാരണമെന്തായിരുന്നു എന്ന് നമ്മൾ പരതേണ്ടത് മുഫസ്സിറുകളിൽ നിന്നാണ്. അതിനു മിനക്കെടാതെ ഇവർ വാദിക്കുന്നത് നോക്കൂ:

“ആസിയാബീവിക്ക് അതിഭയങ്കര ത്വാഗൂത്തായ ഫിർഔനെ അട്ടിമറിക്കാൻ കഴിയാത്തതുകൊണ്ട് അയാളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവോട് പ്രാർത്ഥിക്കുകയാണ് ചെയ്തത്. അതിൽ സത്യവിശ്വാസികൾക്ക് മാതൃകയുണ്ടെന്നാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്. അതിഭയങ്കര ത്വാഗൂത്തിന്റെ കീഴിൽ അനുസരണത്തോടും അച്ചടക്കത്തോടും ഭാര്യയും പൗരയുമായി മാതൃകാപരമായ ഇസ്‌ലാമികജീവിതം നയിക്കാൻ സാധിച്ചിരുന്നെങ്കിൽ അയാളിൽനിന്ന് രക്ഷകിട്ടാൻ പ്രാർത്ഥിച്ചതെന്തിനാണ്? തനിക്ക് അട്ടിമറിക്കാൻ കഴിയാത്ത ത്വാഗൂത്തിൽനിന്ന് രക്ഷകിട്ടാനും പരലോക രക്ഷക്കുമായി പ്രാർത്ഥിച്ചതിലും രാജകൊട്ടാരത്തെക്കാളും ഭരണാധികാരിയുടെ ഭാര്യാപദവിയെക്കാളും സത്യവിശ്വാസത്തിന് സ്ഥാനം നൽകിയതിലുമാണ് ആസിയാബീവിയിൽ സത്യവിശ്വാസികൾക്ക് മാതൃകയുള്ളത്.”[16]

ഭരണത്തെ അട്ടിമറിക്കാൻ എന്തുമാത്രം തിടുക്കവും പ്രോത്സാഹനവുമാണ് ഇവരുടെ വരികളിൽ നിറഞ്ഞ് നിൽക്കുന്നത്! ദൈവനിഷേധിയുടെയും മുശ്‌രിക്കിന്റെയുമൊക്കെ ഭാര്യയാകുന്നത് നിഷിദ്ധമാക്കിയിട്ടുള്ളത് മുഹമ്മദ് നബി(ﷺ)യുടെ ശരീഅത്തിലാണല്ലോ. അതുകൊണ്ടുതന്നെ ആസിയ(ﷺ)യെ സത്യവിശ്വാസികൾക്ക് മാതൃകയാക്കികൊണ്ട് അല്ലാഹു പ്രസ്താവിച്ചത് എന്താണറിയിക്കുന്നത് എന്ന് ആ പ്രാർത്ഥനയുടെ സന്ദർഭം അറിഞ്ഞാലേ വ്യക്തമാകൂ. മുഖാമുഖം ലേഖകൻ പറയാൻ മടിച്ച, എന്നാൽ മുഫസ്സിറുകൾ രേഖപ്പെടുത്തിയ പ്രസ്തുത ചരിത്രത്തിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്:

“ആസിയാ ബീവി(ﷺ) പ്രാർത്ഥിച്ച സംഭവം വിവരിക്കുന്നു: അല്ലാഹുവിൽ വിശ്വസിച്ച അടിമ സ്ത്രീയെയും അവളുടെ മക്കളെയും അഹങ്കാരിയായ ഫിർഔൻ കൊലപ്പെടുത്തി. തുടർന്ന് ആസിയാബിവിയും അല്ലാഹുവിൽ വിശ്വസിച്ചത് ഫിർഔൻ അറിയുന്നു. ആ സന്ദർഭത്തിൽ തന്റെ പ്രമാണിമാരോട് ആസിയാ ബീവിയെപ്പറ്റി സംസാരിക്കുകയും അവർ ആസിയാ ബീവിയെ കൊല്ലാൻ പറയുകയും ചെയ്തു. അതിനുകാരണം ഫിർഔനിനെ ഇബാദത്ത് ചെയ്യാതെ അല്ലാഹുവിനെ അരാധിച്ചു.

فقال لهم إ ا تعبد غيري

‘അയാൾ (ഫിർഔൻ) അവരോട് പറഞ്ഞു: അവൾ ഞാനല്ലാത്തവനെ ആരാധിക്കുന്നു’ അതുകൊണ്ട് മരത്തിൻമേൽ കെട്ടിയിട്ട് അവരെ വധിക്കാൻ ശ്രമം ആരംഭിച്ചു. ആ സന്ദർഭത്തിലാണ് ആസിയാ ബീവി(ﷺ) പ്രാർത്ഥിക്കുന്നത്.”[17]

ഇവിടെ ഇബ്നു കഥീർ(رحمه الله) അനുസരണം എന്ന അർത്ഥം വരുന്ന ഇത്വാഅത്ത് (إطاعة) എന്ന പദമുണ്ടായിട്ട് പോലും തഅ്ബുദ് (تعبد) എന്ന പദമാണ് ഉപയോഗിച്ചത്.

[16] ശൈഖ് മുഹമ്മദ് കാരക്കുന്ന്, മുഖാമഖം, പേജ് 59

[17] തഫ്സീർ ഇബ്നു കഥീർ

ഇതിൽനിന്നും മനസ്സിലാകുന്നത് ആസിയാ ബീവി(ﷺ) ഫിർഔനിന്റെ ഭരണത്തെയല്ല, പ്രത്യുത അയാളെ ആരാധിക്കുന്നതിനെയാണ് നിഷേധിച്ചത് എന്നാണ്. ഫിർഔനാകട്ടെ താൻ ദൈവമാണെന്ന് അവകാശവാദമുന്നയിച്ച വ്യക്തിയാണെന്ന് ക്വുർആൻ പറയുന്നുണ്ട്.[18] അപ്രകാരമുള്ള ഒരു ആരാധനാ രീതി അക്കാലഘട്ടത്തിൽ ഉണ്ടായിരുന്നതായി ഈജിപ്റ്റോളജിയുടെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നത് മേൽവിശദീകരണത്തെ കൂടുതൽ സത്യപ്പെടുത്തുന്നു. ഈജിപ്തുകാർ അന്ന് അനേകം ദൈവങ്ങളെ ആരാധിക്കുന്നുണ്ടായിരുന്നു എന്നും സൂര്യദേവതയുടെ അവതാരമെന്ന നിലക്കാണ് ഫറവോൻ തന്നെയും ആരാധ്യനായിത്തീർന്നത് എന്ന് മൗദൂദിയും സമ്മതിക്കുന്നുണ്ട്.[19] ഈ ആശയങ്ങളെല്ലാം മറച്ചുവെച്ചുകൊണ്ട് കേവലം ഭരണകൂടത്തെ അനുസരിക്കാത്തതാണ് ആസിയ(ﷺ) മാതൃകാവനിതയാകാൻ കാരണം എന്ന് തൗഹീദിനെ ഭരണത്തിലേക്ക് ചുരിക്കിക്കെട്ടിയ ജമാഅത്തെ ഇസ്‌ലാമി ധ്വനിപ്പിക്കുന്നു. പൂർവ്വ മുഫസ്സിറുകളിലേക്ക് നോക്കാതെ ചരിത്രവായനയിൽ മൗലാനാ മൗദൂദിയുടെ ബുദ്ധിയെ ആശ്രയിച്ചതുകൊണ്ട് പറ്റിയ അബദ്ധമാണ് മുഖാമുഖത്തിലെ മറുപടി എന്ന് ഇവിടെ വ്യക്തമാവുകയാണ്. കാരണം താൻ ദൈവമാണെന്ന് ഫിർഔൻ വാദിച്ചത് ക്വുർആനിലൂടെ അല്ലാഹു അറിയിച്ചു തന്നതാണ്, എന്നാൽ അക്കാര്യം മൗദൂദി ഇങ്ങിനെ ദുർവ്യാഖ്യാനിക്കുന്നു:

“ഫറവോൻ ഇവിടെ ‘ദൈവം’ എന്നു പ്രയോഗിച്ചത് ‘സ്രഷ്ടാവ്’, ‘ആരാധ്യൻ’ എന്നീ അർത്ഥങ്ങളിലല്ലെന്നും പ്രത്യുത, ചോദ്യം ചെയ്യാത്ത അനുകരിക്കപ്പെടേണ്ടവനും പരമാധികാരിയും എന്ന അർത്ഥത്തിലാണെന്നും സ്പഷ്ടമാകുന്നു. അതിന്റെ താത്പര്യമിതാണ്: ഈ മിസ്രയിം രാജ്യത്തിന്റെ യജമാനനും ഉടമസ്ഥനും ഞാനാണ്. എന്റെ അധികാരമാണിവിടെ നടക്കുക. എന്റെ നിയമങ്ങളാണിവിടെ നിയമങ്ങളായി അംഗീകരിക്കപ്പെടുക, ഞാൻ മാത്രമാണിവിടെ വിധിയുടെയും വിലക്കിന്റെയും സ്രഷ്ടാവ്. മറ്റാരുടെയും ശാസന ഇവിടെ നടപ്പായിക്കൂടാ...... ...... ഈ സന്ദർഭത്തെ ക്കുറിച്ച് ആഴത്തിൽ ആലോചിച്ചു നോക്കിയാൽ ഫറവോന്റെ ഈ നിലപാടും, ദൈവനിർദ്ദിഷ്ടമായ ശരീഅത്തുകളിൽ നിന്നും മുക്തരായി രാഷ്ട്രീയവും നിയമനിർമാണപരവുമായ കാര്യങ്ങളിൽ സ്വതന്ത്രമായ പരമാധികാരം അവകാശപ്പെടുന്ന മറ്റു ഗവൺമെന്റുകളുടെ നിലപാടും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്ന് മനസ്സിലാകുന്നതാണ്. അവർ നിയമനിർമ്മാണത്തിന്റെ ഉറവിടമായി അംഗീകരിക്കുന്നത് ഏതെങ്കിലും രാജാവിനെയാകട്ടെ, അല്ലെങ്കിൽ ജനകീയാഭിലാഷത്തെയാകട്ടെ. ഏതവസ്ഥയിലും രാജ്യത്ത് അല്ലാഹുവിന്റെയും റസൂലിന്റെയും ശാസനകളല്ല, തങ്ങളുടെ ശാസനകളാണ് നടപ്പിലാക്കേണ്ടത് എന്ന നിലപാട് സ്വീകരിക്കുമ്പോൾ അതും ഫറവോന്റെ നിലപാടും തമ്മിൽ അടിസ്ഥാനപരമായി യാതൊരു വ്യത്യാസവു മില്ലാതെയാകുന്നു.”[20]

എന്തിനുവേണ്ടിയാണ് ഈ രൂപത്തിൽ ജമാഅത്തെ ഇസ്‌ലാമി ചരിത്രത്തെ തെറ്റായ ദിശയിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നത്? അല്ലാഹു നൽകിയ അനുഗ്രഹത്തിന്റെ കീഴിൽ ഒരു മുസ്‌ലിം അവിടത്തെ ഭരണ വ്യവസ്ഥ അനുസരിച്ച് ജീവിച്ചാൽ അത് ശിർക്കാവും എന്ന് പഠിപ്പിക്കുകയും അതുവഴി അനുയായികളെ നിലവിലുള്ള അനിസ്‌ലാമിക ഭരണം അട്ടിമറിക്കാൻ പ്രേരിപ്പിക്കുകയുമായിരുന്നു ഇവരുടെ ലക്ഷ്യം. ഇത് നമ്മുടെ പരിശുദ്ധ ദീനിനെ അങ്ങേയറ്റം തെറ്റിദ്ധരിപ്പിക്കലാണ്. വാസ്തവത്തിൽ

---

[18] ക്വുർആൻ 28:38

[19] തഫ്ഹീമുൽ ഖുർആൻ, ഖസസ് 28-ാം ആയത്ത് വ്യാഖ്യാനം

[20] തഫ്ഹീമുൽ ഖുർആൻ, ഖസസ് 28-ാം ആയത്ത് വ്യാഖ്യാനം

അല്ലാഹുവിനോടുള്ള ആരാധനയുമായി ബന്ധപ്പെട്ട് കിടക്കുന്ന കാര്യത്തിൽ അനിസ്‌ലാമിക രാജ്യത്തെ ഭരണവ്യവസ്ഥ എതിരായി നിൽക്കുമ്പോൾ മാത്രമേ ഒരു മുസ്‌ലിമിന് അത് അനുസരിക്കേണ്ടി വരാത്തതായുള്ളൂ. അല്ലാഹുവിന്റെ കൽപനക്ക് എതിരാകാത്തിടത്തോളം കാലം അവരെ അനുസരിക്കുന്നതിൽ തെറ്റില്ലെന്നാണ് ഇസ്‌ലാമിക ചരിത്രം പഠിപ്പിക്കുന്നത്. ഭരണവും അധികാരവും അല്ലാഹു നൽകുന്ന അനുഗ്രഹവും അമാനത്തുമാണ് എന്ന രീതിയിൽ പഠിപ്പിച്ചു തന്ന ഒരു പ്രവാചകന്റെ പേരിലാണ് അദ്ദേഹം നടപ്പിലാക്കിയ കർമ്മങ്ങളുടെയെല്ലാം ലക്ഷ്യം അധികാരം പിടിച്ചടക്കലായിരുന്നു എന്ന് ജമാഅത്തെ ഇസ്‌ലാമി വാദിക്കുന്നത്. ഭരണം അഥവാ നവലോകം കെട്ടിപ്പടുക്കാൻ ഉതകുന്ന ഒരു ശക്തി നബി(ﷺ) നുബുവ്വത്തിന്റെ മുമ്പ് ആഗ്രഹിച്ചിരുന്നു എന്ന് മൗദൂദി തന്റെ ‘ഇസ്‌ലാം മതം’ എന്ന ഗ്രന്ഥത്തിലൂടെ ആരോപിക്കുകയും ചെയ്യുന്നു:

“അവസാനം ജനവാസ സ്ഥലങ്ങളിൽനിന്നും ദൂരെ ഒരു പർവ്വത ഗുഹയിലെ ശാന്തവും ഏകാന്തവുമായ ചുറ്റുപാടിൽ അദ്ദേഹം പല ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു; പട്ടിണി കിടന്നു ആത്മാവിനേയും ഹൃദയ മസ്തിഷ്കങ്ങളേയും കൂടുതൽ നിർമ്മലവും പരിശുദ്ധവുമാക്കുന്നു; അവിടെ ഇരുന്നു ആലോചിക്കുന്നു; ചിന്താമഗ്നനായി പല രാത്രികൾ കഴിച്ചുകൂട്ടുന്നു; ചുറ്റുപാട് വ്യാപിച്ചുകിടക്കുന്ന അന്ധകാരത്തെ നീക്കം ചെയ്യാനുതകുന്ന ഒരു വെളിച്ചത്തെ അദ്ദേഹം അക്ഷമയോടെ പരതുന്നു; അതെ നാശഗർത്തത്തിൽ ആണ്ടുകിടക്കുന്ന ആ ദുഷിച്ച ലോകത്തെ അപ്പാടെ മാറ്റി പരിശുദ്ധവും സമാധാനപരവുമായ ഒരു നവലോകം കെട്ടിപ്പടുക്കാനുതകുന്ന ശക്തി തനിക്ക് കരഗതമായെങ്കിൽ എന്നദ്ദേഹം ആശിക്കുന്നു.”[21]

ഇതിലൂടെ മനസിലാകുന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണം തന്നെ അധികാരം പിടിച്ചെടുക്കാൻ വേണ്ടിയുള്ളതായിരുന്നു എന്നു തന്നെയാണ്. നബി(ﷺ)യുടെ അധ്യാപനങ്ങൾക്ക് എതിരിൽ ഇത്തരത്തിൽ മൗദൂദി എഴുതിയ കാര്യങ്ങൾ തെറ്റാണെന്ന് കണ്ടുകഴിഞ്ഞാൽ നാം എന്താണ് ചെയ്യേണ്ടത്? ആ തെറ്റിനെ പിൻതുടരലാണോ അതോ തിരുത്തുകയാണോ? പക്ഷെ മൗദൂദികൾ നബി(ﷺ) അധികാരത്തിന് വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട് എന്നു പറഞ്ഞ് സൂറഃ ഇസ്റാഇലെ 80–ാം സൂക്തം തെളിവിന് വേണ്ടി ദുരുപയോഗിക്കാറാണ് പതിവ്. ഇവിടെയാണ് സലഫിയ്യത്തിന്റെ പ്രസക്തി വ്യക്തമാകുന്നത്. അതായത്, ഓരോ ആയത്തുകളും സ്വഹാബിമാർക്ക് നബി(ﷺ) വിവരിച്ചു കൊടുത്തത്, അവർ അത് ഏത് രൂപത്തിലാണോ മനസ്സിലാക്കിയത്, അങ്ങനെതന്നെയാവണം നമ്മളും അക്കാര്യം മനസ്സിലാക്കേണ്ടത്. അപ്രകാരം ചർച്ചാവിഷയമായ ക്വുർആനിലെ ആയത്ത് നമുക്ക് പരിശോധിക്കാം:

وَقُل رَّبِّ أَدْخِلْنِي مُدْخَلَ صِدْقٍ وَأَخْرِجْنِي مُخْرَجَ صِدْقٍ وَاجْعَل لِّي مِن لَّدُنكَ سُلْطَانًا نَّصِيرًا

“എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശനമാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും, സത്യത്തിന്റെ ബഹിർഗ്ഗമന മാർഗത്തിലൂടെ നീ എന്നെ പുറപ്പെടുവിക്കുകയും ചെയ്യേണമേ. നിന്റെ പക്കൽനിന്ന് എനിക്ക് സഹായകമായ ഒരു ആധികാരിക ശക്തി നീ ഏർപ്പെടുത്തിത്തരികയും ചെയ്യേണമേ എന്ന് നീ പറയുകയും ചെയ്യുക.”[22]

---

[21] സയ്യിദ് മൗദൂദി, ഇസ്‌ലാം മതം, പേജ് 66 പഴയ പതിപ്പ്

[22] ക്വുർആൻ 17:80

ഇവിടെ നബി(ﷺ) ആവശ്യപ്പെടുന്ന سلطان അഥവാ ശക്തി, അധികാരം എന്നത് എന്താണെന്ന് കൃത്യമായി മനസ്സിലാക്കിയാൽ ജമാഅത്തിന് തങ്ങളുടെ മതരാഷ്ട്ര വാദത്തിൽനിന്നും പിന്തിരിയാൻ സഹായകമാകും. നബി(ﷺ) മക്കയിലായിരുന്നു, പിന്നീട് തിരുമേനിയോടു ഹിജ്റ പോകുവാൻ കൽപിക്കപ്പെട്ടു. അപ്പോഴാണ് സൂറഃ ഇസ്റാഇലെ 80-ാം സൂക്തം അവതരിച്ചത് എന്ന് അഹ്മദ ് (رحمه الله), തിർമുദി(رحمه الله), ഹാകിം(رحمه الله), ത്വബ്റാനി (رحمه الله) തുടങ്ങിയവർ ഇബ്നു അബ്ബാസ് (رضي الله عنه)ൽനിന്നും പ്രസ്താവിച്ചതായി ഉദ്ധരിച്ചിരിക്കുന്നു. ഈ പ്രസ്താവന അടിസ്ഥാനമാക്കിയാണ് ഇബ്നു ജരീർ(رحمه الله)നെ പോലെയുള്ളവർ മദീനായിലേക്കുള്ള പ്രവേശനവും, മക്കായിൽനിന്നുള്ള പുറപ്പാടും, മദീനായിൽ ചെന്നതിനു ശേഷം ശത്രുക്കളെ ജയിച്ചടക്കുവാനുള്ള സഹായ ശക്തിയുമാണ് سلطان എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടത്.

ഇമാം ബുഖാരിയുടെ കിതാബു തഫ്സീറുൽ ക്വുർആനിൽ ഇബ്നു അബ്ബാസ് (رضي الله عنه) വിശദീകരിക്കുന്നത് പേർഷ്യയും റോമുമെല്ലാം ഇസ്ലാമിന്റെ അധീനതയിൽ വരുമെന്ന് അല്ലാഹു നബി(ﷺ)ക്ക് അറിയിച്ചുകൊടുത്തിരുന്നു. അവരെയെല്ലാം ജയിച്ചടക്കാനായി ഒരു സഹായശക്തിയാണ് നബി(ﷺ) ആവശ്യപ്പെട്ടതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. سلطان എന്ന പദത്തിന് ഖുർത്തുബി(رحمه الله), ശഅബി (رحمه الله) ഇഖ്രിമ (رحمه الله) തുടങ്ങിയവർ ശക്തമായ തെളിവ് എന്നും മുജാഹിദ് (رحمه الله) വ്യക്തമായ തെളിവ് എന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. അതോടൊപ്പംതന്നെ വളരെ സുപ്രധാനമായ ഒരു തെളിവാണ് നബി(ﷺ) ക്വുർആനിന്റെ അറിവ് നൽകുവാൻ വേണ്ടി പ്രത്യേകമായി പ്രാർത്ഥിച്ച ഇബ്നു അബ്ബാസ് (رضي الله عنه) ഇവ്വിഷയകമായി പറഞ്ഞത്. അത് ഇമാം ബുഖാരിയുടെ കിത്താബു തഫ്സീറുൽ ക്വുർആനിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു;

عن ابن عباس قال: كل سلطان في القرآن فهو حجة

ഇബ്നു അബ്ബാസ് (رضي الله عنه) പറഞ്ഞു: 'ക്വുർആനിൽ പറഞ്ഞ എല്ലാ سلطان എന്ന പദങ്ങൾ കൊണ്ടും ഉദ്ദേശിക്കുന്നത് **حجة** (തെളിവ്) ആകുന്നു.'[23]

മൗദൂദി സാഹിബ് വ്യാഖ്യാനിക്കുന്നതു പോലെ ഭരണം തൗഹീദിന്റെ ഭാഗമാണ്, അതിനാൽ ഭരണമില്ലാതെ ദീനിന്റെ നിലനിൽപില്ല എന്നുള്ള രൂപത്തിൽ ഒരു ഭരണകൂടത്തിന്റെ നിർമ്മിതിക്കുള്ള പ്രാർത്ഥനയോ മുസ്ലിമായി ജീവിക്കാൻ സ്വാതന്ത്ര്യമുള്ള ഒരു രാഷ്ട്രത്തിനെതിരിൽ കലാപം അഴിച്ചുവിടാനുള്ള ആഹ്വാനമോ അല്ല മേൽ സൂക്തത്തിലെ പ്രാർത്ഥന എന്ന് സുതാര്യം വ്യക്തമാണ്.

ഇനി, യൂസുഫ് നബി(عليه السلام)യുടെ ചരിത്രത്തിലേക്ക് തന്നെ മടങ്ങാം. അവിടുത്തേക്ക് ഭരണത്തിൽനിന്ന് ചില അധികാരം കിട്ടിയെന്ന് നാം മനസ്സിലാക്കി.[24] അത് അല്ലാഹുവിന്റെ അനുഗ്രവുമായിരുന്നു. എന്നിട്ടും ജമാഅത്തെ ഇസ്ലാമി അദ്ദേഹത്തിന് സമ്പൂർണ അധികാരമാണ് ഉണ്ടായിരുന്നതെന്ന് വാദിക്കുന്നു. എന്നാൽ ക്വുർആനിൽ നിന്നും വ്യക്തമാകുന്നത് അങ്ങനെയല്ല. അല്ലാഹു പറയുന്നത് കാണുക:

[23] സ്വഹീഹുൽ ബുഖാരി; കിതാബു തഫ്സീറിൽ ക്വുർആൻ 8/389

[24] ക്വുർആൻ 12:101

فَبَدَأَ بِأَوْعِيَتِهِمْ قَبْلَ وِعَآءِ أَخِيهِ ثُمَّ ٱسْتَخْرَجَهَا مِن وِعَآءِ أَخِيهِ ۚ كَذَٰلِكَ كِدْنَا لِيُوسُفَ ۖ مَا كَانَ لِيَأْخُذَ أَخَاهُ فِى دِينِ ٱلْمَلِكِ إِلَّآ أَن يَشَآءَ ٱللَّهُ ۚ نَرْفَعُ دَرَجَٰتٍ مَّن نَّشَآءُ ۗ وَفَوْقَ كُلِّ ذِى عِلْمٍ عَلِيمٌ

"എന്നിട്ട് അദ്ദേഹം തന്റെ സഹോദരന്റെ ഭാണ്ഡത്തെക്കാൾ മുമ്പായി അവരുടെ ഭാണ്ഡങ്ങൾ പരിശോധിക്കുവാൻ തുടങ്ങി. പിന്നീട് തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ നിന്ന് അദ്ദേഹമത് പുറത്തെടുത്തു. അപ്രകാരം യൂസുഫിന് വേണ്ടി നാം തന്ത്രം പ്രയോഗിച്ചു. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ <u>രാജാവിന്റെ നിയമമനുസരിച്ച്</u> അദ്ദേഹത്തിന് തന്റെ സഹോദരനെ പിടിച്ചുവെക്കാൻ പറ്റുമായിരുന്നില്ല. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ ഉയർത്തുന്നു."[25]

ഇവിടെ നാം ചിന്ത കൊടുക്കേണ്ട ഒരു കാര്യമുണ്ട്. ബിൻയാമിനെതിരെ നടപടി യെടുക്കേണ്ട നിയമത്തിന്റെ കാര്യത്തിൽ രാജാവിന്റെ നിയമമനുസരിച്ച് (മൗദൂദിയുടെ പരിഭാഷ പ്രകാരം 'രാജാവിന്റെ ദീനിൽ') എന്ന് ക്വുർആൻ പറഞ്ഞതെന്തിന്? യൂസുഫ് നബി(عليه السلام)ക്ക് സമ്പൂർണ്ണ ഭരണാധികാരം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ നിയമമനുസരിച്ചല്ലെ ശിക്ഷ വിധിക്കേണ്ടിയിരുന്നത്? രാജാവിന്റെ നിയമം മറികടക്കാൻ അല്ലാഹു തന്ത്രം പ്രയോഗിച്ചതെന്തിന്? മാത്രമല്ല യൂസുഫ് നബി(عليه السلام) അവിടത്തെ സമ്പൂർണ ഭരണാധികാരി ആയിരുന്നെങ്കിൽ പിന്നെ അവിടെത്തന്നെ മറ്റൊരു അനിസ്ലാമിക രാജാവിനെ അദ്ദേഹം വെച്ചുപൊറുപ്പിച്ചതെന്തിന്? ഇതിനൊക്കെ പ്രാമാണികവും വ്യക്തവുമായ ഉത്തരം നൽകാൻ ദുർവ്യാഖ്യാനക്കാർ ബാധ്യസ്ഥരാണ്. മറുപടി എന്ന് പറയുമ്പോൾ അഹ്ലുസ്സുന്നത്തിന്റെ മുഫസ്സിറുകളെ ഉദ്ധരിച്ചുകൊണ്ടാണ് അത് വിശദീകരിക്കേണ്ടത്. ഇതുപോലെ:

പ്രസ്തുത വിഷയത്തെക്കുറിച്ച് ഇബ്നു കഥീർ(رحمه الله) പറയുന്നത് കാണുക:

وقوله: ( ما كَانَ ليأخذَ أخاه في دينِ الْملك ) أي: لم يكن له أخذه في حكم ملك مصر، قاله الضحاك وغيره.

"രാജാവിന്റെ ദീൻ അനുസരിച്ച് അദ്ദേഹത്തിന് അദ്ദേഹത്തിന്റെ സഹോദരനെ പിടിച്ചുവെക്കാൻ കഴിയുമായിരുന്നില്ല. അതായത് ഈജിപ്ത് രാജാവിന്റെ നിയമമനുസരിച്ച് അദ്ദേഹത്തിന്റെ സഹോദരനെ തടഞ്ഞ് വെക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഇമാം ളഹാകും മറ്റും ഇങ്ങിനെയാണ് വിശദീകരിച്ചത്"[26]

വാസ്തവത്തിൽ യൂസുഫ് നബി(عليه السلام)യുടെ വിഷയത്തിൽ മൗദൂദി സാഹിബ് ചില കാര്യങ്ങൾ സ്ഥാപിക്കാൻ ഒരുപാട് വ്യാഖ്യാനിച്ച് ബുദ്ധിമുട്ടുന്നുണ്ട്. ബിൻയാമിനെ പിടിച്ചുവെക്കുവാൻ അല്ലാഹു തന്ത്രം പ്രയോഗിച്ചതിനെകുറിച്ച് അദ്ദേഹം വിശദീകരിക്കുന്നത് തന്നെ എല്ലാം നേരിൽ കണ്ടത് പോലെയാണ്. അദ്ദേഹം കൊടുത്ത തരത്തിലുള്ള ഒരു വ്യാഖ്യാനം പൂർവ്വകാല മുഫസ്സിറുകൾ ആരും തന്നെ പറഞ്ഞതായി കാണില്ല. നോക്കൂ മൗദൂദിയുടെ വിശദീകരണം:

---

[25] ക്വുർആൻ 12:76

[26] തഫ്സീർ ഇബ്നു കഥീർ

“ക്രിമിനൽ നിയമങ്ങൾ പോലും ദീനിൽപ്പെട്ടതാണെന്നത്രെ ഇത് മനസ്സിലാക്കിത്തരുന്നത്. ഒരാൾ അല്ലാഹുവിന്റെ ക്രിമിനൽ നിയമങ്ങളനുസരിച്ച് നടക്കുമ്പോൾ അയാൾ അല്ലാഹുവിന്റെ ദീനിന്റെ അനുയായിയാണ്. രാജാവിന്റെ നിയമങ്ങളനുസരിച്ച് നടക്കുമ്പോഴോ, രാജദീനിന്റെ അനുയായിയും.”[27]

ഇവിടെ മൗദൂദി പറയുന്നത് രാജാവിന്റെ നിയമങ്ങളനുസരിച്ചാൽ രാജദീനിന്റെ അനുയായി ആകും എന്നാണ്. രാജാവിന്റെ ദീനിന്റെ അനുയായി ആകില്ലെങ്കിലും ഭരണത്തിന്റെ അഥവാ നിയമത്തിന്റെ അനുയായി ആയിരുന്നില്ല എന്നു കാണിക്കാനായി അദ്ദേഹം ആ ആയത്തിനെ പരിഭാഷപ്പെടുത്തിയത് കാണുക:

مَا كَانَ لِيَأْخُذَ أَخَاهُ فِي دِينِ ٱلْمَلِكِ

“‘രാജാവിന്റെ ദീനനുസരിച്ച് സഹോദരനെ പിടിച്ചുവെക്കുക അദ്ദേഹത്തിന് ഹിതകരമായിരുന്നില്ല.”[28]

ഈ സൂക്തത്തിന് ഇപ്രകാരം അർത്ഥം കൊടുത്ത ഏതെങ്കിലും പൂർവ്വകാല മുഫസ്സിറുകളുണ്ടോ? ഇല്ല എന്നുറപ്പാണ്. അതുകൊണ്ടാണ് ഈ ചോദ്യം മുമ്പിൽ കണ്ട മൗദൂദി അതിനുള്ള ദുർന്യായവും തയ്യാറാക്കിയത്. അത് കേട്ടോളൂ:

“രാജ്യനിയമമനുസരിച്ച് യൂസുഫിന് തന്റെ സഹോദരനെ പിടിച്ചുവെക്കാൻ സാധ്യമായിരുന്നില്ല എന്നാണ് സാധാരണ ഇതിനു പരിഭാഷ പറയാറുള്ളത്. ما كان ليأخذ എന്നതിന് ‘പിടിച്ചു വെക്കുന്നത് ശരിയല്ല’ എന്നോ ‘പിടിച്ചു വെക്കുന്നത് ഭൂഷണമല്ല’ എന്നോ പറയുന്നതിനു പകരം ‘പിടിച്ചുവെക്കാൻ സാധ്യമായിരുന്നില്ല’ എന്നാണ് പരിഭാഷകരും വ്യാഖ്യാതാക്കളും പറയാറുള്ളതെന്നർത്ഥം.”[29]

ഈയടുത്തു വന്ന മൗദൂദി പറയുന്ന വ്യാഖ്യാനമാണോ അതോ നബി(ﷺ)യിൽ നിന്നും നേർക്കുനേരെ ദീൻ പഠിച്ച സ്വഹാബികളിൽ നിന്നും, അവരിൽ നിന്നും കേട്ടു പഠിച്ച ത്വാബിഉകളിൽ നിന്നും റിപ്പോർട്ട് ചെയ്ത മുഫസ്സിറുകൾ പറയുന്നതാണോ നമ്മൾ സ്വീകരിക്കേണ്ടത്? അവർക്കൊന്നും വക്രമായി ഒന്നും സ്ഥാപിക്കാനില്ലാത്തതുകൊണ്ട് അവർ നേർക്കുനേരെ എല്ലാം തുറന്നെഴുതി. എന്നാൽ ഈ ഒരു ആയത്ത് വ്യാഖ്യാനിക്കാൻ വേണ്ടി മാത്രം മൗദൂദി എത്ര പേജുകളിലായാണ് മിനക്കെടുന്നത്!

അദ്ദേഹം പറയുന്നു ‘സാധ്യമായിരുന്നില്ല’ എന്നാണ് സാധാരണ പരഭാഷ പറയാറുള്ളതെന്ന്. ആരാണ് അപ്രകാരം ചെയ്തിട്ടുള്ളതെന്ന് നാം ആലോചിക്കേണ്ടതില്ലേ? അഹ്ലുൽ സുന്നത്ത് വൽ ജമാഅത്ത് അംഗീകരിക്കുന്ന ഇബ്നു കഥീർ, ഖുർത്തുബി, ളഹാക്ക്, മുജാഹിദ് തുടങ്ങിയ ഇമാമുകൾ. ഇവർ രേഖപ്പെടുത്തിയതെല്ലാം തെറ്റും പിന്നെ മൗദൂദി കൊണ്ടുവന്നത് ശരിയും! നഊദുബില്ലാഹ്.

---

[27] തഫ്ഹീമുൽ ഖുർആൻ, യൂസുഫ് 76-ാം ആയത്ത് വ്യാഖ്യാനം

[28] ഖുർആൻ 12:76

[29] തഫ്ഹീമുൽ ഖുർആൻ, യൂസുഫ് 76-ാം ആയത്ത് വ്യാഖ്യാനം

മിസ്റിൽ ഒരു രാജാവുണ്ടെന്നും യൂസുഫ് നബി(ﷺ) അവിടുത്തെ രാജനിയമത്തിൽ പങ്കാളിയാണെന്നും ഒരു വ്യാഖ്യാന കസർത്തിൽ മൗദൂദിക്ക് പറയേണ്ടി വന്നിട്ടുണ്ട്. പക്ഷെ, അതും ബുദ്ധിപരമല്ലാത്ത ഉദ്ധരണിയായിപ്പോയി. അതിങ്ങനെയാണ്: "പിടിച്ചുവെക്കാൻ അധികാരമില്ലാത്തതുകൊണ്ടല്ല, പ്രത്യുത, പ്രവാചകനെന്ന നിലയിൽ തന്റെ വ്യക്തിഗതമായ കാര്യങ്ങളിലെങ്കിലും അല്ലാഹുവിന്റെ നിയമമനുസരിച്ച് പ്രവർത്തിക്കേണ്ടത് അദ്ദേഹത്തിനു നിർബന്ധമായതു കൊണ്ടും അതിൽ രാജനിയമത്തെ അനുസരിക്കുന്നത് തികച്ചും അനുചിതമായതുകൊണ്ടും മാത്രമായിരുന്നു."[30]

അപ്പോൾ അവിടെ ഒരു രാജാവും, രാജനിയമവും ഉണ്ടെന്ന് മൗദൂദി അംഗീകരിക്കുന്നു. എന്തൊക്കെയാണ് യൂസുഫ് നബി(ﷺ)യുടെ വ്യക്തിഗതമല്ലാത്ത കാര്യങ്ങൾ? വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് എന്തും എഴുതി വിടുകയോ? എന്തൊരു ദുരന്തം!!!

യഥാർത്ഥത്തിൽ വരാനിരിക്കുന്ന ക്ഷാമകാലാവസ്ഥയെ മുൻനിർത്തിയാണ് രാജാവിൽ നിന്നും യൂസുഫ് നബി(ﷺ) അധികാരത്തിൽ നിന്നും ചോദിച്ചു വാങ്ങുന്നത്. രാജാവ് കണ്ട സ്വപ്നത്തിന് യൂസുഫ് നബി(ﷺ) വ്യാഖ്യാനം നൽകുമ്പോൾ വരാനിരിക്കുന്ന ക്ഷാമവും വരൾച്ചയുമെല്ലാം പറയുന്നുണ്ട്. അതെല്ലാം മനസ്സിലാക്കിയ യൂസുഫ് നബി(ﷺ) മിസ്റിലെ അധികാരത്തിൽനിന്ന് ചോദിച്ചു വാങ്ങി പ്രസ്തുത ഉദ്യോഗം കൃത്യമായി നിർവഹിക്കുകയും അങ്ങനെ അവിടത്തെ രാജാവിന് പ്രിയപ്പെട്ടവനും, ആ ഭരണത്തിന്റെ അമരക്കാരനുമായി തീർന്നു. അതല്ലാതെ തന്റെ പ്രവാചകത്വത്തിന്റെ നിയോഗം എന്ന അടിസ്ഥാനത്തിലല്ല അങ്ങനെ അധികാരം ചോദിച്ചു വാങ്ങിയത്. പ്രവാചകത്വ നിയോഗം എന്നത് ഇസ്‌ലാമിക ഭരണകൂടത്തിനു വേണ്ടി പരിശ്രമിക്കലാണെന്ന് ക്വുർആനിൽ നിന്ന് നമുക്ക് തെളിവ് കാണുവാനേ കഴിയില്ല.

പ്രവാചകൻമാരുടെ നിയോഗ ദൗത്യം ഭരണ സംസ്ഥാപനമാണ് എന്ന ബോധത്തിന്റെ അടിസ്ഥാനത്തിൽ യൂസുഫ് നബി(ﷺ) തനിക്ക് അധികാരത്തിൽ നിന്ന് ചിലത് കിട്ടിയതിന് ശേഷം സമ്പൂർണ അധികാരത്തിനു വേണ്ടി ശ്രമിക്കുകയോ അനുയായികളെ അതിനുവേണ്ടി പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല. ഒരു ഇസ്‌ലാമിക ഭരണകൂട നിർമ്മിതിക്ക് എല്ലാ സാധ്യതകളും വന്നു കിട്ടിയ മൂസാ നബി(ﷺ) മുങ്ങിച്ചത്ത ഫിർഔനിന്റെ സിംഹാസനത്തിൽ കയറിയിരിക്കാൻ ചെന്നിട്ടില്ല. ഫിർഔൻ വിട്ടേച്ചുപോയ അയാളുടെ പ്രജകളെകൂടി ഉൾകൊള്ളുന്ന ഒരു ഭരണകൂടം ഈജിപ്തിൽ നടപ്പാക്കിയില്ല. ആസിയാ ബീവി(ﷺ)യുടെ അവസ്ഥയും പ്രാർത്ഥനയും അറിയാമായിരുന്ന മൂസാ നബി(ﷺ) ഒരവസരം കിട്ടിയിട്ടും, ആസിയാ ബീവി(ﷺ)ക്ക് അനുഭവിക്കാനായില്ലെങ്കിലും, മറ്റുള്ളവർക്കു വേണ്ടിയെങ്കിലും മിസ്റിന്റെ രാജാവായി വാഴാൻ തിരിച്ചു ചെന്നില്ല. അല്ലാഹുവിന്റെ നഷ്ടപ്പെട്ടുപോയ പരമാധികാരം തിരിച്ചു പിടിച്ചുകൊടുക്കേണ്ട ബാധ്യതയാണ് ഇതെല്ലാം എന്ന ജമാഅത്തുകാരുടെ അഹങ്കൃതി മൂസാ നബ(ﷺ) ഉൾപ്പടെയുള്ള മറ്റു പ്രവാചകൻമാർക്കൊന്നും ഉണ്ടായിരുന്നില്ല എന്ന് വ്യക്തം.

യൂസുഫ് നബി(ﷺ) തന്റെ മാതാപിതാക്കളെ സിംഹാസനത്തിൽ ഇരുത്തിയത് കൊണ്ട് ആ രാജ്യത്തിന്റെ സമ്പൂർണ അധികാരം യൂസുഫ് നബി(ﷺ)ക്കാണെന്ന് വാദിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമി പിന്നീടായി ചെയ്യാറുള്ളത്. പ്രസ്തുത സംഭവം സൂറത്ത് യൂസുഫിലെ 100-ാം ആയത്തിലാണ് ഉള്ളത്. ഇവിടെയും നമ്മൾ

[30] തഫ്ഹീമുൽ ഖുർആൻ, യൂസുഫ് 76-ാം ആയത്ത് വ്യാഖ്യാനം

സലഫുകളിലേക്ക് തിരിഞ്ഞുകൊണ്ട് പ്രസ്തുത സംഭവത്തിന്റെ വിശദീകരണം വായിക്കണം. യൂസുഫ് നബി(ﷺ) തന്റെ മാതാപിതാക്കളെ കണ്ടുമുട്ടിയ രംഗം അല്ലാഹു നമുക്ക് അറിയിച്ചുതന്നത് ഇപ്രകാരമാണ്:

فَلَمَّا دَخَلُواْ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيۡهِ أَبَوَيۡهِ وَقَالَ ٱدۡخُلُواْ مِصۡرَ إِن شَآءَ ٱللَّهُ ءَامِنِينَ

"അനന്തരം അവർ യൂസുഫിന്റെ മുമ്പാകെ പ്രവേശിച്ചപ്പോൾ അദ്ദേഹം (യൂസുഫ്) തന്റെ മാതാപിതാക്കളെ തന്നിലേക്ക് അണച്ചുകൂട്ടി. അദ്ദേഹം പറഞ്ഞു: അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം നിങ്ങൾ നിർഭയരായിക്കൊണ്ട് ഈജിപ്തിൽ പ്രവേശിച്ചു കൊള്ളുക."[31]

ഇനി ഇബ്നു കഥീർ(رحمه الله) ഈ ആയത്തിന്റെ വിഷദീകരണത്തിൽ കൊടുത്ത ചരിത്രത്തിന്റെ ഒരു ഭാഗം കാണുക:

فلما أخبر يوسف، عليه السلام، باقترا م خرج لتلقيهم، وأمر الملك أمراءه وأكابر الناس بالخروج مع يوسف لتلقي نبي الله يعقوب، عليه السلام، ويقال: إن الملك خرج أيضا لتلقيه، وهو الأشبه.

"യഅ്ഖൂബ്(ﷺ)യും കുടുംബവും അടുത്തെത്തി എന്ന വിവരം ലഭിച്ചപ്പോൾ യൂസുഫ്(ﷺ) അവരെ സ്വീകരിക്കാൻ പുറപ്പെട്ടു. അല്ലാഹുവിന്റെ പ്രവാചകനായ യഅ്ഖൂബ്(ﷺ)യെ സ്വീകരിക്കാൻ രാജാവ് മന്ത്രിമാരോടും പൗരപ്രമുഖരോടും അദ്ദേഹത്തോടൊപ്പം പുറപ്പെടാൻ കൽപിച്ചു. രാജാവടക്കം പുറപ്പെട്ടിരുന്നു എന്നും പറയപ്പെടുന്നു. അതാണ് കൂടുതൽ ശരി."[32]

ഇവിടെ നാം മനസ്സിലാക്കി, യൂസുഫ് നബി(ﷺ)യുടെ കുടുംബത്തെ സ്വീകരിക്കുന്നതിനു വേണ്ടി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നത് മിസ്റിലെ രാജാവായിരുന്നു. ആ രാജാവ് അവിടെയുള്ള എല്ലാ പ്രമാണിമാരോടും യൂസുഫ് നബി(ﷺ)യുടെ കുടുംബത്തെ സ്വീകരിക്കാൻ വേണ്ടി അതിർത്തിയിലേക്ക് പോകാൻ ആഹ്വാനം ചെയ്തതായും നാം കണ്ടു. എന്നിട്ട് ആ രാജാവടക്കം യൂസുഫ് നബി(ﷺ)യോടൊപ്പം രാജ്യത്തിന്റെ അതിർത്തിയിൽ പോയി അവരെ സ്വീകരിച്ചതായും കാണുന്നു. തനിക്ക് ഇഷ്ടമുള്ള യൂസുഫ് നബി(ﷺ)യുടെ മാതാപിതാക്കളെ അത്യുത്സാഹത്തോടു കൂടി രാജാവ് ആദരിച്ചു. അപ്പോൾ നേതൃത്വകാര്യങ്ങളിൽ ആഹ്വാനം ചെയ്യുന്ന ഒരു രാജാവ് ഉണ്ട് എന്ന് വ്യക്തമാകുന്നു. അങ്ങനെയുള്ള ഒരു രാജാവിന്റെ അധികാരത്തിൽ വരുന്ന ഒരു സിംഹാസനത്തിൽ യൂസുഫ് നബി(ﷺ)യുടെ മാതാപിതാക്കളെ ഇരുത്തിയതാണ് ജമാഅത്തെ ഇസ്‌ലാമിക്ക് തങ്ങളുടെ തീവ്രമതരാഷ്ട്ര വാദം സ്ഥാപിക്കുവാനുള്ള തെളിവ്! കഷ്ടം!!!

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ളത് ഇഖാമത്തുദ്ദീൻ (ദീനിനെ സ്ഥാപിച്ചു നിലനിർത്തുക) ആണല്ലോ. ഇഖാമത്തുദ്ദീനിന്റെ അർഥവും വിവക്ഷയും ജ.ഇ.യുടെ സ്ഥാപകൻ വിശദമാക്കുന്നത് അതിപ്രാധാന്യത്തോടെ മൗദൂദികൾ ചുമക്കാറുണ്ട്. വിശുദ്ധ ഖുർആനിലെ 42:13 സൂക്തത്തിന് മൗദൂദി നൽകിയ വ്യാഖ്യാനമാണ് അത്. പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പിലും ഇത് ഒരു ലേഖനമായി കൊടുത്തിട്ടുണ്ട്. ദീനിന്റെ സംസ്ഥാപനം എന്ന് പറഞ്ഞാൽ ഇസ്‌ലാമിക

[31] ഖുർആൻ 12:99

[32] തഫ്സീർ ഇബ്നു കഥീർ

ഭരണം സ്ഥാപിക്കലാണെന്ന് അവകാശപ്പെടുന്ന ഇവർ അതിന് മുഖ്യമായും എടുത്തുകാണിക്കുന്ന ഈ ആയത്തിന് ഭരണവുമായി എത്രമാത്രം ബന്ധമാണ് ഉള്ളതെന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്. ആയത്തും മൗദൂദിയുടെ പരിഭാഷയും താഴെ:

شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَمَا وَصَّيْنَا بِهِۦٓ إِبْرَٰهِيمَ وَمُوسَىٰ وَعِيسَىٰٓ ۖ أَنْ أَقِيمُوا۟ ٱلدِّينَ وَلَا تَتَفَرَّقُوا۟ فِيهِ

“നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നതും ദിവ്യസന്ദേശം വഴി ഇപ്പോൾ താങ്കളിലേക്കയച്ചിട്ടുള്ളതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോടനുശാസിച്ചിരുന്നതുമായ അതേ ദീനീസരണിതന്നെ നിങ്ങൾക്ക് നിയമിച്ചു തന്നിരിക്കുന്നു. ഈ ദീനിനെ നിലനിർത്തുവിൻ, ഇതിൽ ഭിന്നിക്കരുത് എന്ന താക്കീതോടു കൂടി.”[33]

ഈ ആയത്തിൽ നിന്നു തന്നെ സംശയമുക്തമായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും ദീനിനെ നിലനിർത്തുവിൻ, ഇതിൽ ഭിന്നിക്കരുത് എന്ന് പറയുന്നതിൽ അവർ അവകാശപ്പെട്ട രൂപത്തിലുള്ള ഭരണവും അധികാരവും ഉൾക്കൊള്ളുന്നില്ല എന്ന്. കാരണം നൂഹ്(ﷺ), ഇബ്രാഹിം(ﷺ), മൂസാ(ﷺ), ഈസാ(ﷺ) ഇവരിൽ ആരെങ്കിലും ജമാഅത്തെ ഇസ്‌ലാമി പ്രചരിപ്പിക്കുന്ന രീതിയിൽ ഭരണം നിലനിർത്തിയിട്ടുണ്ടോ? ഇവിടെ അല്ലാഹു പറയുന്നത് നിങ്ങൾ ഈ ദീനിനെ നിലനിർത്തുവിൻ എന്നാണല്ലോ? നിലനിർത്തുവിൻ എന്നതിന്റെ ഉദ്ദേശ്യം മൗദൂദി തന്നെ പറയട്ടെ:

“ഈ ദീൻ എവിടെ സ്ഥാപിതമായിട്ടില്ലയോ അവിടെ അത് സ്ഥാപിക്കയായിരുന്നു അവരുടെ പ്രഥമബാധ്യത. അത് സ്ഥാപിച്ചിടത്ത് അല്ലെങ്കിൽ നേരത്തെ സ്ഥാപിതമായിട്ടുള്ളിടത്ത് അതിനെ നിലനിർത്തുക അവരുടെ ദ്വിതീയ ബാധ്യതയായിരുന്നു. ഒരു സംഗതി സ്ഥാപിതമായി കഴിഞ്ഞ ശേഷമാണല്ലോ അതിനെ നിലനിർത്തൽ പ്രസക്തമാകുക. അല്ലെങ്കിൽ സംസ്ഥാപനം നേരത്തെ നടന്നിരിക്കുകയും തുടർന്ന് നിലനിൽക്കാൻ നിരന്തര യത്നം ആവശ്യമാവുകയും ചെയ്ത സാഹചര്യത്തിൽ”[34]

ജമാഅത്തെ ഇസ്‌ലാമിയുടെ വീക്ഷണപ്രകാരമുള്ള ഒരു ദീൻ ഈ പ്രവാചകൻമാരിൽ ആരെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ? ഒരു സംഗതി സ്ഥാപിതമായി കഴിഞ്ഞ ശേഷമാണല്ലോ അതിനെ നിലനിർത്തൽ പ്രസക്തമാകുക! മാത്രമല്ല, ജമാഅത്തെ ഇസ്‌ലാമിയുടെ ഇഖാമത്തുദ്ദീൻ പ്രകാരം പ്രവാചകൻമാരിൽ ഏറ്റവും ശ്രേഷ്ഠരായി അല്ലാഹു പരിചയപ്പെടുത്തിയ ഈ നാലു പ്രവാചകരിൽ ഭരണം കിട്ടിയ ആരുമില്ലാഞ്ഞിട്ടും, എന്തുകൊണ്ട് ബഹുമതസമൂഹത്തിൽ ജീവിച്ച അവരുടെ ദീനീസരണി മുഹമ്മദ് നബി(ﷺ)ക്കും അല്ലാഹു നിശ്ചയിച്ചു. ജമാഅത്തിന്റെ വീക്ഷണ പ്രകാരം അതിനേറ്റവും അർഹർ രാജാധിപത്യം സമ്പൂർണ്ണമായിട്ടും ഉണ്ടായിരുന്ന ദാവൂദ്(ﷺ)യും സുലൈമാൻ(ﷺ)യും ആയിരുന്നില്ലേ?! അല്ലാഹു ക്വുർആൻ സംരക്ഷിച്ചതിൽ അവന് സർവ്വ സ്തുതിയും.

[33] ക്വുർആൻ 42:13

[34] തഫ്ഹീമുൽ ഖുർആന്, അശ്ശൂറാ 42:13 വ്യഖ്യാനം

കൂടാതെ, അല്ലാഹു ഈ ദീൻ നിലനിർത്തുവാൻ ആവശ്യപ്പെട്ടതിനു ശേഷം ഇതിൽ ഭിന്നിക്കരുത് എന്ന താക്കീതും നൽകുന്നുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നത് ജമാഅത്ത് വിശദീകരിക്കുന്ന ഒരു ദീൻ അല്ല അതെന്നാണ്. ജമാഅത്ത് പഠിപ്പിക്കുന്ന ഒരു വീക്ഷണം നമുക്ക് നബി(ﷺ) പഠിപ്പിച്ചു തന്നതായി ഒരു രേഖയുമില്ല, മറിച്ച് മുഫസ്സിറുകൾ രേഖപ്പെടുത്തി കാണുന്നത് ആദം(عليه السلام)ന് അല്ലാഹു സത്യത്തെപ്പറ്റി ബോധനം നൽകിയിരുന്നു. അനന്തര തലമുറകളിൽ എങ്ങനെയോ ചില തെറ്റായ വിശ്വാസാചാരങ്ങൾ കടന്നുകൂടാൻ തുടങ്ങി. സത്യമതത്തിൽ നിന്നുള്ള ഇത്തരം വ്യതിയാനങ്ങൾ തിരുത്തുവാനും മതത്തെ നേരാംവണ്ണം നിലനിർത്തുവാനുമാണ് പ്രവാചകൻമാരെല്ലാം നിയുക്തരായത് എന്നുള്ളതാണ്. അതേ ആയത്തിൽ നമുക്ക് ഇപ്രകാരം കൂടി കാണാൻ സാധിക്കും:

كَبُرَ عَلَى ٱلْمُشْرِكِينَ مَا تَدْعُوهُمْ إِلَيْهِ

"പ്രവാചകരേ, താങ്കൾ ഇവരെ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന ഈ സംഗതി ഈ ബഹുദൈവവിശ്വാസികൾക്ക് ഏറ്റം അസഹ്യമായിത്തീർന്നിരിക്കുന്നു."[35]

നബി(ﷺ) പ്രബോധനം ചെയ്ത സംഗതിയിൽ ബഹുദൈവവിശ്വാസികൾക്ക് എന്താണ് അസഹ്യമായി തോന്നിയിരുന്നത്? നൂഹ് നബി(عليه السلام), ഇബ്രാഹിം(عليه السلام), മൂസാ(عليه السلام), ഈസാ(عليه السلام) തുടങ്ങിയവർ പ്രബോധനം ചെയ്ത അതേ സംഗതി തന്നെയല്ലേ മുഹമ്മദ് നബി(ﷺ)യും പ്രബോധനം ചെയ്തത്. ഇതിൽ ഭരണ സംസ്ഥാപനവുമായി ബന്ധപ്പെട്ട ഒരു കാര്യം പോലും നബി പ്രബോധനം ചെയ്യുകയോ, അത് ബഹുദൈവ വിശ്വാസികൾക്ക് അസഹ്യമായി അനുഭവപ്പെടുകയോ ചെയ്തതായി പ്രമാണങ്ങളിൽ കാണാൻ കഴിയില്ല. മറിച്ച് അവർക്ക് അസഹ്യമായിരുന്നത് 'ലാ ഇലാഹ ഇല്ലാല്ലാഹ്' എന്ന വിഷയമാണ്.

സഹോദരങ്ങളെ, ഏതെങ്കിലും വ്യക്തികളോടോ സംഘടനകളോടോ ഉള്ള അനുരാഗാത്മക ഭ്രമം സത്യാന്വേഷണത്തിന്റെ പാതയിൽ നമുക്ക് ഒരിക്കലും തടസ്സമായിക്കൂടാ. ഭരണം അട്ടിമറിക്കാൻ അനുയായികളെ പ്രേരിപ്പിക്കുയും അനിസ്ലാമിക ഭരണകൂടത്തിൽ ജീവിക്കുന്ന മുസ്ലിമുകൾ യഥാർത്ഥ മുസ്ലിമുകളല്ല എന്ന സന്ദേഹം ജനിപ്പിക്കുയും, അതിനായി പ്രവാചകൻമാരുടെയെല്ലാം ചരിത്രത്തെ ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്നത് അപകടകരമാണ്. പൂർവ്വസൂരികളുടെ നിലപാടുകൾക്ക് എതിരാണ് സമകാലികരായ പണ്ഡിതരുടെ ഈ രൂപത്തിലുള്ള വ്യാഖ്യാനമെങ്കിൽ, സലഫുകളിലേക്ക് തിരിയാൻ തടസ്സം നിൽക്കുന്നത് എന്താണോ; അത് വലിച്ചെറിയാനാണ് നമ്മൾ ആദ്യം തയ്യാറാകേണ്ടത്. അതിനുപകരം കേവലം ജമാഅത്തെ ഇസ്ലാമിയുടെ ഭൂതകണ്ണാടിയിലൂടെ മാത്രം ചരിത്രത്തെ പുനർവായന നടത്തിയാൽ തികച്ചും ഇസ്ലാമിക വിരുദ്ധമായ ആദർശങ്ങൾ മാത്രമായിരിക്കും ആ അന്വേഷകന് ലഭിക്കുക. അല്ലാഹുവേ നിന്റെ കാവലിനായി തേടുന്നു!

[35] ക്വുർആൻ 42:13